| QP CODE: D2BML2502 | (Pages: 2) | Reg. No | : ............................... |
|---|---|---|---|
| | | Name | : ............................... |

**Second Semester B.Sc / BCA (FYUGP) Degree Examinations April 2026**

**(Regular/Improvement/Supplementary)**

**Ability Enhancement Courses (AEC)**

**MAL2FA104(2) : വിനിമയ മലയാളവും ശാസ്ത്രരചനയും**

**(Credits: 3)**

| Time: 1.5 Hours | Maximum Marks: 50 |
|---|---|

## Section A

**Answer the following questions. Each carries 2 marks (Ceiling: 16 marks)**

| | | | |
|---|---|---|---|
| 1. | ഭാഷാകമ്പ്യൂട്ടിങ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ? | BL2 | CO1 |
| 2. | സർപ്പക്കാട് എന്ന കവിതയിൽ പ്രയോഗിക്കുന്ന നാഗത്താൻ, ഞാഞ്ഞൂൽ എന്നീ ബിംബങ്ങളുടെ ഔചിത്യം പരിശോധിക്കുക . | BL4 | CO2 |
| 3. | പ്രാദേശിക ഭാഷാഭേദങ്ങൾ നിറഞ്ഞ ഒരു കൃതി വിവർത്തനം ചെയ്യുമ്പോൾ ഉണ്ടാവുന്ന പ്രയാസങ്ങൾ വിശദീകരിക്കുക. | BL3 | CO3 |
| 4. | Artificial Intelligence (AI) simulates human intelligence in machines. AI systems analyze data, recognize patterns, and make decisions like humans. It enables machines to think, learn, and perform tasks autonomously. മുകളിൽ കൊടുത്തിരിക്കുന്ന വാകൃങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക. | BL3 | CO4 |
| 5. | മരണത്തിന്റെ കവിത എന്ന ലേഖനത്തിൽ മാധവിക്കുട്ടിയുടെ കഥകളുടെ മുഖ്യസവിശേഷതയായി വി. രാജകൃഷ്ണൻ കണ്ടെത്തുന്ന സവിശേഷതകൾ എന്തെല്ലാമാണ്? | BL2 | CO2 |
| 6. | ആസ്വാദന വായനയും അപഗ്രഥന വായനയും തമ്മിലുള്ള വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക. | BL2 | CO1, CO5 |
| 7. | "ദിവ്യലക്ഷണങ്ങളായ കവചകുണ്ഡലങ്ങളോടുകൂടി സൂര്യനെപ്പോലെ തിളങ്ങുന്ന ഈ നരിയെ പെറ്റതു ഒരു മാൻപേടയാകുമോ?" - ദുര്യോധനൻ ഈ വാക്കുകൾ കൊണ്ട്  അത്ഥമാക്കുന്നതെന്ത് ? | BL2 | CO2 |
| 8. | To  let the Cat out of the bag എന്ന വാകൃത്തിന്റെ രണ്ട് വിവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പൂച്ച പുറത്തു ചാടുക.<br>2 കള്ളി വെളിച്ചത്താവുക.<br>ഇതിൽ ഉചിതമായ വിവർത്തനം ഏതാണെന്ന് വിവർത്തനതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. | BL2 | CO3 |
| 9. | 'വയലറ്റ് പൂച്ചകൾക്ക് ശൂ വെയ്ക്കാൻ തോന്നുമ്പോൾ' എന്ന കഥയെ സ്ത്രീപക്ഷരചനയായി വിലയിരുത്താൻ പര്യാപ്തമായ രണ്ട് സൂചനകൾ എഴുതുക. | BL3 | CO4 |
| 10. | An Injured Lion Still Wants to Roar എന്ന തലക്കെട്ടിന് 'മുറിവേറ്റിട്ടും അലറാനാഗ്രഹിക്കുന്ന സിംഹം' എന്നല്ലാതെ ഒരു സ്വതന്ത്രപരിഭാഷനടത്താൻ ആവശ്യപ്പെട്ടാൽ നിങ്ങൾ എങ്ങനെയാവും പരിഭാഷപ്പെടുത്തുക. **(PTO)** | BL3 | CO3 |

| | | | |
|---|---|---|---|
| | **Section B** | | |
| | **Answer the following questions. Each carries 6 marks (Ceiling: 24 Marks)** | | |
| 11. | ശാസ്ത്രപുരോഗതിയുടെ ഫലമായി അമ്പിളിമാമൻ കേവലം ഒരു ഭൗതികയാഥാർഥ്യം മാത്രമായി ചുരുങ്ങിപ്പോകുമോ? ലേഖകന്റെ നിരീക്ഷണങ്ങളോടുചേർത്ത് നിങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക. | BL2 | CO1, CO5 |
| 12. | വിമർശനത്തിന്റെ അടിസ്ഥാനം യുക്തിയാണെന്നുള്ള അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിമർശന കൃതികളിലെ ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. | BL4 | CO2 |
| 13. | വിവർത്തന മേഖലയിൽ യന്ത്രപരിഭാഷയുടെ സാധ്യതകളും പരിമിതികളും വിലയിരുത്തുക. | BL3 | CO3 |
| 14. | രണ്ട് കുഞ്ഞുങ്ങൾ എന്ന കവിതയിലെ അപ്പുവും അണലിക്കുഞ്ഞും ഒരുപോലെ അധികാരപ്രയോഗത്തിന്റെ ഇരകളായിത്തീരുന്നതെങ്ങനെയെന്ന് വിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കുക. | BL4 | CO4 |
| 15. | പാലൈസ്<br>സ്ലെയ്റ്റേ സ്ലെയ്റ്റേ...<br>പെൻസിലേ,പെൻസിലേ...<br>നാളെ നേരം വെളുക്കുമ്പോഴേക്കും<br>ഈ കണക്കെല്ലാം ചെയ്തുവച്ചാൽ<br>ഞാൻ നിങ്ങൾക്ക് ഒരു പാലൈസ് വാങ്ങിത്തരാം<br>ഒന്നല്ല,രണ്ടുപേർക്കും ഓരോന്ന്<br>കണക്കെങ്ങാൻ തെറ്റിച്ചാൽ<br>സ്ലെയ്റ്റേ നിന്നെ ഞാൻ എറിഞ്ഞു പൊട്ടിക്കും<br>പെൻസിലേ നിന്നെഞാൻ കുത്തിപ്പൊട്ടിക്കും<br>എനിക്കേ...കണക്കറിയാഞ്ഞിട്ടല്ല<br>ഉറക്കം വന്നിട്ടുമല്ല<br>ഈ പ്ലേറ്റായ പ്ലേറ്റൊക്കെ കഴുകിവച്ചില്ലെങ്കിൽ<br>ഈ പാത്രങ്ങളായ പാത്രങ്ങളിലൊക്കെ വെള്ളം നിറച്ചില്ലെങ്കിൽ<br>അവരെന്നെ സമ്മന്തിയരക്കില്ലേ...<br>മോഹനകൃഷ്ണൻ കാലടി എഴുതിയ പാലൈസ്  എന്ന ഈ കവിതവായിച്ച് സംഗ്രഹം തയ്യാറാക്കുക. | BL3 | CO4 |
| | **Section C** | | |
| | **Answer any one question. Each carries 10 marks (1 x 10 = 10 Marks)** | | |
| 16. | മലയാളിയുടെ മാറുന്ന ഭക്ഷണശീലത്തെക്കുറിച്ച് ഒരു വിമർശനാത്മക ലേഖനം തയ്യാറാക്കുക. | BL3 | CO1, CO5 |
| 17. | 'നിർമിതബുദ്ധിക്കാലത്തെ അന്ധവിശ്വാസങ്ങൾ അഥവാ അന്ധവിശ്വാസക്കാലത്തെ നിർമിതബുദ്ധികൾ' എന്ന വിഷയത്തിൽ ഏതെങ്കിലും ഒരു സാമൂഹികമാധ്യമത്തിനുവേണ്ടിയുള്ള പോസ്റ്റ് (Instagram/Facebook പോസ്റ്റുകൾ) തയ്യാറാക്കുന്നതിനുവേണ്ടി ഒരു ഉള്ളടക്കം എഴുതുക (Content writing). | BL6 | CO4, CO5 |
| | **CO : Course Outcome** | | |
| | **BL : Bloom's Taxonomy Levels** (1 – Remember, 2 – Understand, 3 – Apply, 4 – Analyse, 5 – Evaluate, 6 – Create) | | |